കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കോടഞ്ചേരി ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2015 - 2016

ജില്ലാ ഓഡിറ്റ് കാര്യാലയം കോഴിക്കോട്

e-mail:dokkd.ksad.kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.കെ.കെ.ഡി.പി.13/2139/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
സിവിൽ സ്റ്റേഷൻ, കോഴിക്കോട്
ഇ-മെയിൽ- dokkd.ksad@gov.in
ഫോൺ - 0495-2371012

തീയ്യതി.02.12.2016

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കോടഞ്ചേരി ഗ്രാമപഞ്ചായത്ത്, കോഴിക്കോട്

സർ,

വിഷയം : കോടഞ്ചേരിഗ്രാമപഞ്ചായത്ത് - 2015-2016 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2015-2016 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.കെ.ഡി.പി.13/2139/2016 തീയതി – 02.12.2016

# കോഴിക്കോട് ജില്ലയിലെ കോടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2015-2016സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ കോടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2015-2016സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 13.1.15മുതൽ 4.11.16 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ കെ.കെ.സതീഷ് കുമാർ, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 05.11.2016 മുതൽ 17.11.2016 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ മോഹൻ കുന്നംമനക്കൽ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ സുഗുണൻ. വി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ ദേവാനന്ദ്. ടി | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ ആന്റണി മത്തായി നീർവേലിൽ | 1.4.15മുതൽ വരെ 1.10.15 വരെ |
| | ശ്രീ അന്നക്കുട്ടി ദേവസ്യ | 12.11.2015മുതൽ 31.3.2016 വരെ |
| സെക്രട്ടറി | ശ്രീ പി.ടി. അരവിന്ദൻ | 1.4.2015മുതൽ 27.5.2015വരെ |
| | ശ്രീ എ. ഉദയൻ | 28.5.2015 മുതൽ 4.2.2016വരെ |
| | ശ്രീ പി. കെ. അബ്ദുൾ ലത്തീഫ് | 5.2.2016 മുതൽ 31.3.2016വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ കെ. ഗിരീഷ് കുമാർ | 1.4.15മുതൽ 28.7.2015വരെ |
| | ശ്രീ കെ. ദേവി | 29.7.15 മുതൽ 31.3.2016 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ പ്രദീപ് കുമാർ. പി | 1.4.15മുതൽ 31.3.2016വരെ |
| കൃഷി ഓഫീസർ | ശ്രീമതി നസീമ സി.കെ | 1.4.15മുതൽ 15.4.2015വരെ 16.5.15 മുതൽ |

| | | |
|---|---|---|
| | | 20.5.2015 വരെ |
| | ശ്രീമതിജിഷ.പി.ജി, കൃഷി ഓഫീസർ,കൂടരഞ്ഞി (അഡീഷണൽ ചാർജ്ജ്) | 21.5.2015 മുതൽ 10.8.2015 വരെ |
| | ശ്രീമതി ഇന്ദു.പി | 11.8.15 മുതൽ 31.3.2016 വരെ |
| വെറ്ററിനറി സർജൻ | ശ്രീമതി ഗീത | 1.4.15മുതൽ 31.3.2016വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി അന്നക്കുട്ടി മാത്യൂ | 1.4.15മുതൽ 21.12.2015വരെ |
| | ശ്രീമതി പുഷ്പ. ടി.കെ | 22.12.2015 മുതൽ 31.3.2016 വരെ |
| മെഡിക്കൽഓഫീസർ (ആരോഗ്യം) | ശ്രീമതി ഹൈഫ മൊയ്തീൻ | 1.4.15മുതൽ 31.3.2016വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ശ്രീമതി സുമയ്യ | 1.4.15മുതൽ 15.4.2015വരെ |
| | ശ്രീമതി കവിത | 16.4.15 മുതൽ 1.6.15 വരെ |
| | ശ്രീ ബിനോയ് | 2.6.2015 മുതൽ 5.7.2015 വരെ |
| | ശ്രീമതി ലൂസി | 6.7.2015 മുതൽ 31.3.2016വരെ |
| മെഡിക്കൽ ഓഫീസർ(ഹോമിയോ) | ശ്രീമതി സ്മിത. കെ.എസ് | 1.4.15മുതൽ 31.3.2016വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ ശശിധരൻ | 1.4.15മുതൽ 4.5.2015വരെ |
| | ശ്രീ റിജു. എം | 7.5.2015 മുതൽ 31.3.2016 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ ടി.ടി.ജോൺസൺ | 1.4.15മുതൽ 31.3.16വരെ |

## ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

2015-16വർഷത്തെ ബജറ്റ് 26.3.2015 ലെ 43(1)/15 നം. തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 27.2.2016 തിയതിയിലെ 33/16 നം. തീരുമാനപ്രകാരവും അംഗീകരിച്ചു.

### 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2016 | 20.07.2016 |

### 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നല്കിയതിന്റെ

വിവരം.

| വർഷം | കണക്കുകൾ<br>പരിശോധിച്ച തീയതി |
|---|---|
| 2015-2016 | 05.11.2016 |

ഓഡിറ്റ് സർട്ടിഫിക്കറ്റ് ഈ റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് - 45263838/-

വരവ് - 61711862/-

ആകെ – 106975700/-

ചെലവ് - 84605074/-

നീക്കിയിരിപ്പ്- 22370626/-

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തത് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 4945674 | | 21808797 | 17686767 | (+)16863123<br>(-) 4122030 | 0 |
| വികസനഫണ്ട് എസ്.സി.പി. | 4849915 | 1935163 | 6785078 | 1935163 | (-) 4849915 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 2794842 | 1056800 | 3851642 | 1317600 | (-) 2534042 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 1951082 | 9352164 | 11303246 | 12106821 | (+) 803575 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 2883884 | 1695124 | 4579008 | 37754330 | (-) 803575 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 2982166 | 6442594 | 9424760 | 7125037 | (-) 229723 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 5062664 | 3317837 | 8380501 | 4506436 | (-) 3874065 | 0 |
| എം.എൻ.ആർ.ഇ.ജി.എസ്. | 72721 | 13704011 | 13776732 | 13776475 | -- | 257 |
| ബി ഫണ്ട് | -- | -- | -- | -- | -- | |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 316 | 86080775 | 233 | 54241028 | 4 | 82 | 74% |

മേഖല തിരിച്ച് വിവരം താഴെ ചേർക്കുന്നു

| മേഖല | ജനറൽ പ്രൊജക്ടുകൾ | | പട്ടികജാതി | | പട്ടിക വർഗ്ഗം | | ആകെ | നടപ്പാക്കിയവ |
|---|---|---|---|---|---|---|---|---|
| | ആകെ | നടപ്പാക്കിയവ | ആകെ | നടപ്പാക്കിയവ | ആകെ | നടപ്പാക്കിയവ | | |
| ഉൽപാദനം | 17 | 14 | 0 | 0 | 0 | 0 | 17 | 14 |
| സേവനം | 86 | 51 | 15 | 8 | 13 | 7 | 114 | 66 |
| പശ്ചാത്തലം | 177 | 151 | 5 | 1 | 3 | 1 | 185 | 153 |
| | 280 | 216 | 20 | 9 | 16 | 8 | 316 | 233 |

2015-16 വർഷം അംഗീകാരം ലഭിച്ച 316 പ്രൊജക്റ്റുകളിൽ 233 എണ്ണമാണ് നടപ്പാക്കിയത്. കോടഞ്ചേരി ഗ്രാമ പഞ്ചായത്ത് ഒരു മലയോരമേഖലയാണ്. 2015-16 പദ്ധതി രേഖ പ്രകാരം കൃഷി, മൃഗസംരക്ഷണ,ക്ഷീരവികസന മേഖലയിൽ ഉപജീവനം കഴിക്കുന്നവരാണ് കൂടുതലും. വാഴ, റബ്ബർ, ഇഞ്ചി, മഞ്ഞൾ, അടയ്ക്ക, നെല്ല് തുടങ്ങിയവയിൽനിന്നുള്ള വരുമാനം ഗ്രാമ പഞ്ചായത്തിന്റെ സാമ്പത്തികവികസനത്തിന് പ്രധാന പങ്ക് വഹിക്കുന്നുണ്ട്. എന്നാൽ കാർഷിക മേഖലയിലെ പ്രാധാന്യത്തിനനുസരിച്ച് തൻവർഷം വേണ്ടത്ര പ്രൊജക്റ്റുകൾ ആസൂത്രണം ചെയ്ത് നടപ്പാക്കിയതായി കാണുന്നില്ല. അംഗീകാരം ലഭിച്ച 9 പ്രൊജക്റ്റുകളിൽ 6 എണ്ണമാണ് നടപ്പാക്കിയത്. ഗുണഭോക്തൃവിഹിതമുൾപ്പെടെ വകയിരുത്തിയതിന്റെ 38.36% മാത്രമാണ് കാർഷിക പ്രൊജക്റ്റുകൾക്കായി ചെലവഴിച്ചത്. മൃഗസംരക്ഷണ- ക്ഷീരവികസന മേഖലയും ഗ്രാമ പഞ്ചായത്തിന്റെ സാമ്പത്തിക മേഖലയിൽ വളരെ പ്രധാന പങ്ക് വഹിക്കുന്നു. മൃഗസംരക്ഷണ- ക്ഷീരവികസന മേഖലയിൽ 4 പ്രൊജക്റ്റുകളാണ് നടപ്പാക്കിയത്. വകയിരുത്തിയതിന്റെ 77% വിനിയോഗിച്ചിട്ടുണ്ടെങ്കിലും മേഖലയുടെ പ്രാധാന്യം കണക്കിലെടുത്തുകൊണ്ട് കൂടുതൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതുണ്ട്.

പദ്ധതി രേഖ പ്രകാരം, ഗ്രാമ പഞ്ചായത്തിലെ ജനസംഖ്യയുടെ 5.49% പട്ടികജാതിക്കാരും 2.88% പട്ടികവർഗ്ഗക്കാരുമാണ്. തൻവർഷം പട്ടികജാതി/ പട്ടിക വർഗ്ഗ മേഖലയിൽ നടപ്പാക്കിയ പ്രൊജക്റ്റുകൾ വളരെ കുറവാണ്. രണ്ട് വിഭാഗത്തിലും ഉല്പാദനമേഖലയിൽ ഒരു പ്രൊജക്റ്റ് പോലും ആസൂത്രണം ചെയ്ത് നടപ്പാക്കിയിട്ടില്ല.രണ്ട് മേഖലകളിലും കൂടി ലഭ്യമായ വികസനഫണ്ടിന്റെ 4% മാത്രമാണ് തൻവർഷം വിനിയോഗിച്ചത്. 96% തുകയും (7383957രു) വിനിയോഗിക്കാത്തത് കാരണം വികസനഫണ്ട് ജനറൽ വിഭാഗത്തിൻ ട്രാൻസ്ഫർക്രഡിറ്റ് നടത്തുകയാണ് ചെയ്തത്. (ഗ്രാമ പഞ്ചായത്തിലെ പട്ടികജാതി/പട്ടികവർഗ്ഗ വികസനം സംബന്ധിച്ച 2015-16 വർഷത്തെ പ്രവർത്തനക്ഷമതാ ഓഡിറ്റ് റിപ്പോർട്ട് കൂടി കാണുക)

സേവന – പശ്ചാത്തല മേഖലയിൽ ഏറ്റവും കൂടുതൽ പ്രൊജക്റ്റുകൾ അസി.എഞ്ചിനീയർക്കായിരുന്നു നടപ്പാക്കാനുണ്ടായിരുന്നത്. ഗ്രാമ പഞ്ചായത്തിന്റെ ആകെ അംഗീകാരം ലഭിച്ച പ്രൊജക്റ്റുകളുടെ 53% വരുമിത്.(220 എണ്ണം). മരാമത്ത് പ്രൊജക്റ്റുകളുടെ ബാഹുല്യം കാരണം,തൻവർഷം നടപ്പാക്കാതിരുന്ന ആകെ 83 പ്രൊജക്റ്റുകളിൽ 54 എണ്ണവും സേവന – പശ്ചാത്തല മേഖലയിൽ നടപ്പാക്കേണ്ടിയിരുന്ന പൊതുമരാമത്ത് പ്രവൃത്തികളാണ്. എഞ്ചിനീയറിങ്ങ് വിഭാഗത്തിലെ ജീവനക്കാരുടെ കുറവ് പദ്ധതി നിർവ്വഹണത്തെയും ഫണ്ട് വിനിയോഗത്തെയും സാരമായി ബാധിച്ചു. കാര്യക്ഷമമായും പരമാവധി ഫണ്ട് വിനിയോഗം സാധ്യമാക്കുന്ന രീതിയിലും മരാമത്ത് പ്രൊജക്റ്റുകൾ ആസൂത്രണം ചെയ്യേണ്ടതാണ്. ഭാഗിക പൂർത്തീകരണം ഉദ്ദേശിച്ചുള്ള നിരവധി പ്രൊജക്റ്റുകൾ ആസൂത്രണം ചെയ്യുന്ന രീതി ഒഴിവാക്കേണ്ടതാണ്. പ്രൊജക്റ്റുകളുടെ എണ്ണത്തിൽ നിയന്ത്രണം ആവശ്യമാണ്. തൻവർഷം വിനിയോഗിക്കാത്തതിനാൽ 41,22,030/- രൂ. പദ്ധതി പണം ലാപ്സായിപോയിട്ടുണ്ട്.

വിവിധ മേഖലകളിൽ കാര്യക്ഷമമായ രീതിയിൽ ഫണ്ട് വിതരണവും വിനിയോഗവും സാധ്യമാക്കി പ്രാദേശിക സാമ്പത്തിക വികസനം ഉറപ്പു വരുത്തുന്ന തരത്തിൽ പ്രൊജക്റ്റുകളുടെ ആസൂത്രണവും നടത്തിപ്പും സാധ്യമാക്കേണ്ടതാണ്.

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 11.30 ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം |
|---|---|---|---|
| നികുതി വരവുകൾ | 5351604 | 4285564 | (-)1066040 |
| നികുതിയേതര വരവുകൾ | 729854 | 667140 | (-)62714 |
| മറ്റുവരവുകൾ | 32288 | 53045 | (+)20757 |

| | | | |
|---|---|---|---|
| ആകെ | 6113746 | 5005749 | 1107997 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 199920 | 120 |
| കർഷകതൊഴിലാളി പെൻഷൻ | 5993460 | 874 |
| വിധവാപെൻഷൻ | 9342200 | 1042 |
| വാർദ്ധക്യകാലപെൻഷൻ | 11979930 | 1384 |
| വികലാംഗപെൻഷൻ | 3697370 | 380 |
| അവിവാഹിത പെൻഷൻ | 169520 | 24 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 300000 | 10 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 5.11.16 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 29455.രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21.10.16 മുതൽ23.10.16 | 9/16 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 17.8.2010(-)1066040 | 2005-06 മുതൽ 2009-10 | LBA(HG)/V/8A/1630/144 Dt. 1.10.10 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ

ഗ്രാമ പഞ്ചായത്തിന്റെ 2015-16 വാർഷിക കണക്കുകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1. വസ്തു നികുതി തൻവർഷ ഡിമാന്റ്, കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകൾ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള് തൻവർഷ ഡിമാന്റ്, കുടിശ്ശിക ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2. നിർവ്വഹണോദ്യോഗസ്ഥരുടെ ബില്ലുകൾ പ്രകാരം ഈടാക്കിയ വാറ്റ്, ആദായ നികുതി,നിർമ്മാണ തൊഴിലാളി ക്ഷേമനിധി എന്നിവ അക്കൗണ്ട് ചെയ്തിട്ടില്ല.

3. ആസ്തി റജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആയതിനാൽ ബി11 ഷെഡ്യൂൾ പ്രകാരം ബാലൻസ് ഷീറ്റിൽ കാണിച്ച സ്ഥിരംആസ്തികളുടെ മൂല്യത്തിന്റെ(74405848) കൃത്യത വ്യക്തമല്ല.

4. വസ്തു നികുതി മുൻ വർഷങ്ങളിലെ അധിക ഡിമാന്റ് കാരണം പിരിച്ചെടുത്ത തുകകൾ ജേർണലൈസ് ചെയ്ത് ക്രമീകരിച്ചിട്ടില്ല.

അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 2-2 ഡി & ഒ ലൈസൻസ് കൂടാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

2015-16 സാമ്പത്തിക വർഷത്തിൽ കോടഞ്ചേരി ഗ്രാമപഞ്ചായത്തിലെ കല്ലന്ത്രമേട്, പൂളപ്പാറ, പുലിക്കയം, കോടഞ്ചേരി, മൈക്കാവ് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന കള്ളുഷാപ്പുകളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽനികുതി ഈടാക്കിയിട്ടുണ്ട്. എന്നാൽ മേൽപ്പറഞ്ഞ കള്ളുഷാപ്പുകൾ 2015-16ൽ ഡി & ഒ ലൈസൻസിന് വേണ്ടി അപേക്ഷിക്കുകയോ അവയ്ക്ക് ലൈസൻസ് നൽകുകയോ ചെയ്തിട്ടില്ല. . കൂടാതെ കോടഞ്ചേരി അങ്ങാടിക്ക് സമീപമുള്ള പെട്രോൾ പമ്പും തൻവർഷം ഡി & ഒ ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിച്ചിട്ടുള്ളത്. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 09/16.11.16) മറുപടി ലഭ്യമാക്കുകയോ മേൽ സ്ഥാപനങ്ങൾ ലൈസൻസില്ലാതെ അനധികൃതമായി പ്രവർത്തിച്ചതിനെതിരെ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടി സംബന്ധിച്ച വിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കുകയോ ചെയ്തിട്ടില്ല. 1994ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 166ാം വകുപ്പ് (1)ാം ഉപവകുപ്പ് പ്രകാരമുള്ള മൂന്നാം പട്ടികയനുസരിച്ച് അപകടകരവും അസഹ്യകരവുമായ വ്യാപാരങ്ങൾക്ക് ലൈസൻസ് നൽകുക എന്നുള്ളത് ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ്. അതീവശ്രദ്ധയോടെ കൈകാര്യം ചെയ്യേണ്ട കള്ള്, പെട്രോൾ തുടങ്ങിയവയുടെ വ്യാപാരം ഗ്രാമപഞ്ചായത്തിന്റെ യാതൊരു പരിശോധനയും നിയന്ത്രണവുമില്ലാതെ നടന്നു എന്നുള്ളത് പഞ്ചായത്തിന്റെ ഭാഗത്തുനിന്നുള്ള വലിയ വീഴ്ചയാണ്. ആയതിന് വിശദീകരണം നൽകേണ്ടതാണ്.

## 2-3 തൊഴിൽനികുതി പിരിവിലെ അപാകതകൾ

കോടഞ്ചേരി ഗ്രാമപഞ്ചായത്തിലെ 2015-16 വർഷത്തെ തൊഴിൽനികുതി പിരിവുമായി ബന്ധപ്പെട്ട അപാകതകൾ താഴെ പറയുന്നു.

1) താഴെപറയുന്ന സ്ഥാപനങ്ങളുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | സെന്റ് മേരീസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ, കോടഞ്ചേരി |
| 2 | ക്ഷീരോൽപാദക സഹകരണ സംഘം, പുലിക്കയം |
| 3 | വിമല ഹോസ്പിറ്റൽ, നെല്ലിപ്പൊയിൽ |
| 4 | തിരുവമ്പാടി റബ്ബർ എസ്റ്റേറ്റ് |
| 5 | പുതുമന റബ്ബർ എസ്റ്റേറ്റ്, മുറംപാത്തി |
| 6 | റീജ്യണൽ കമ്പ്യൂട്ടർ സെന്റർ, കോടഞ്ചേരി |
| 7 | ഇക്കണോമിക്ക് കൺസൾട്ടന്റ് & കൺസ്ട്രക്ഷൻ, കോടഞ്ചേരി |
| 8 | കള്ള് ഷാപ്പ്, കല്ലന്ത്രമേട് |
| 9 | കള്ള് ഷാപ്പ്, പൂളപ്പാറ |
| 10 | കള്ള് ഷാപ്പ്, പുലിക്കയം |
| 11 | കള്ള് ഷാപ്പ്, കോടഞ്ചേരി |
| 12 | കള്ള് ഷാപ്പ്, മൈക്കാവ് |
| 13 | മൗണ്ട് മേരി സ്കൂൾ, നാരങ്ങത്തോട് |
| 14 | സെന്റ് മേരീസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ, പള്ളിക്കുന്ന്, വേളംകോട് |

2) ഗ്രാമപഞ്ചായത്തിലെ വിവധ പൊതുമരാമത്ത് ജോലികൾ കരാറെടുത്ത താഴെപറയുന്നവരിൽ നിന്ന് തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

1. ശ്രീ വി.സി ജോസ്
2. ശ്രീ എസ്. സുധീഷ്

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 08/16.11.16) മറുപടി ലഭ്യമാക്കിയിട്ടില്ല. നികുതി ഈടാക്കാതിരുന്നതിന് വിശദീകരണം നൽകേണ്ടതും മേൽ സ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും നിയമാനുസൃതം ഈടാക്കേണ്ടിയിരുന്ന നികുതി ഈടാക്കി അറിയിക്കേണ്ടതുമാണ്.

## 2-4 വസ്തുനികുതി - ഡിമാന്റ്, പിരിവ്, കുടിശ്ശിക സംബന്ധിച്ച കണക്കുകളിൽ വ്യക്തതയില്ല

കോടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2014-15, 2015-16 വർഷത്തെ ധനകാര്യപത്രികൾ പ്രകാരം വസ്തുനികുതി സംബന്ധിച്ച വിവരങ്ങൾ താഴെ പറയുന്ന

| | | |
|---|---|---|
| ഡിമാന്റ് | തൻവർഷം | 31,56,017 |
| | അരിയർ | 2,96,793 |
| വരവ് | തൻവർഷം | 25,15,143<br>{21,08,756 (തൻവർഷം) + 4,06,387 (നികുതി കുറച്ചതുമൂലമുള്ള എക്സസ് കലക്ഷൻ)] |
| | അരിയർ | 5,98,952 |
| കുടിശ്ശിക | തൻവർഷം | 10,94,074 |
| | അരിയർ | 12,12,437 |

എന്നാൽ 2015 – 16 വർഷത്തെ വസ്തുനികുതി സംബന്ധിച്ച ഡിമാന്റ് രജിസ്റ്ററും, അരിയർ ഡിമാന്റ് രജിസ്റ്ററും പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാലും സഞ്ചയ സോഫ്റ്റ് വെയറിൽ വിവരങ്ങൾ പൂർണ്ണമായി അപ്ഡേഷൻ

നടത്തിയിട്ടില്ലാത്തതിനാലും മേൽ തുകകളുടെ കൃത്യത പരിശോധിക്കാനും ജി.ഒ (എം.എസ്)144//15/തസ്വഭവ /27.04.15 നമ്പർ ഉത്തരവ് പ്രകാരം ഭേദഗതി ചെയ്ത നിരക്കിലുള്ള വസ്തുനികുതി തന്നെയാണോ യഥാർത്ഥത്തിൽ ഡിമാന്റ് ചെയ്ത് പിരിച്ചെടുത്തിട്ടുള്ളത് എന്ന് ഉറപ്പുവരുത്താനും സാധിച്ചിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.011/16.11.16) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതും വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ, അരിയർ ഡിമാന്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കി ഓഡിറ്റിന് സമർപ്പിക്കേണ്ടതുമാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 പഞ്ചായത്ത് ഓഫീസ് പഴയകെട്ടിടം ജീർണ്ണിച്ച് അപകടാവസ്ഥയിൽ - നടപടി ഇല്ല

കോടഞ്ചേരി വില്ലേജിലെ റി. സർവ്വെ നം. 15/1 ലെ ഏകദേശം 8 (രേഖ ലഭ്യമാക്കിയിട്ടില്ല) സെന്റ് സ്ഥലത്ത് കോടഞ്ചേരി - മലപുറം റോഡിന് വലതുവശത്തായി റോഡ് സൈഡിൽ തന്നെയുള്ള കോൺക്രീറ്റ് കെട്ടിടമാണ് പഞ്ചായത്ത് ഓഫീസായി മുമ്പ് ഉപയോഗിച്ചിരുന്നത്. ഗ്രാമ പഞ്ചായത്ത് ഓഫീസ് പ്രവർത്തനം പുതിയ കെട്ടിടമായ ബസ്റ്റാന്റ് കോംപ്ലക്സിലേക്ക് 14.8.2005 ൽ തന്നെ മാറ്റിയിട്ടുള്ളതാണ്. എന്നാൽ കുടുംബശ്രീ ഓഫീസ്, വി.ഇ.ഓയുടെ ഓഫീസ് എന്നിവ പഴയ കെട്ടിടത്തിൽ തന്നെ തുടർന്നിരുന്നെങ്കിലും കുടുംബശ്രീ ഓഫീസ് പിന്നീട് തൊട്ടടുത്തുള്ള ഗ്രാമ പഞ്ചായത്ത് സാംസ്കാരിക നിലയത്തിലേക്ക് മാറ്റുകയുണ്ടായി. ഓഫീസ് കെട്ടിടം ജീർണ്ണാവസ്ഥയിലാണെന്നും കെട്ടിടത്തിന്റെ സുരക്ഷിതത്വം ഉറപ്പുവരുത്തണമെന്നുമുള്ള വി.ഇ.ഓ യുടെ കത്ത് ചർച്ച ചെയ്ത പ്രകാരം ഭരണ സമിതിയുടെ 29.6.15 ലെ 85(1)/15 നം. തീരുമാന പ്രകാരം വി.ഇ.ഓ യുടെ ഓഫീസ് പഞ്ചായത്ത് ഓഫീസ് പ്രവർത്തിക്കുന്ന പുതിയ കെട്ടിടത്തിലേക്ക് മാറ്റുകയുണ്ടായി. നിലവിൽ മുമ്പത്തെ പഞ്ചായത്ത് ഓഫീസ് കെട്ടിടം കോടഞ്ചരി -മലപുറം റോഡ് സൈഡിൽ ജീർണ്ണിച്ച് അപകടാവസ്ഥയിലും കാടുപിടിച്ചും നില്ക്കുകയാണ്. 50 വർഷത്തിലധികം പഴക്കമുള്ള കോൺക്രീറ്റ് കെട്ടിടത്തിന്റെ ഫിറ്റ്നസ് സംബന്ധിച്ച് വിവരം ലഭ്യമല്ല. കെട്ടിടം അറ്റകുറ്റപണി നടത്തുന്നതിനോ പൊളിച്ചുമാറ്റുന്നതിനോ നടപടി സ്വീകരിച്ചിട്ടില്ല. പഞ്ചായത്ത് അധീനതയിൽ കോടഞ്ചേരി ടൗണിനടുത്തുള്ള സ്ഥലം/കെട്ടിടം ഉപയോഗയോഗ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കാത്തത് സംബന്ധിച്ച് നല്കിയ 2ാം നം. ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ കെട്ടിടം ജീർണ്ണാവസ്ഥയിലാണെന്നും അൺഫിറ്റ് ആണെന്നും വ്യക്തമാക്കിയിട്ടുണ്ട്. മാത്രമല്ല പഞ്ചായത്ത് ഓഫീസിനുവേണ്ടി സൗജന്യമായി വിട്ടുകിട്ടിയിരുന്ന സ്ഥലമാണെന്നും ആയത് പഞ്ചായത്തിന് ഇതുവരെ സറണ്ടർ ചെയ്ത് തന്നിട്ടില്ലെന്നും ആയതിനാൽതന്നെ യാതൊരു പ്രവർത്തനവും നടത്താൻ കഴിയാത്ത അവസ്ഥയിലാണെന്നും വ്യക്തമാക്കി. കെട്ടിടം പഞ്ചായത്തിന്റെ ഉടമസ്ഥതയിലാക്കുന്നതിന് ആവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്. വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

### 3-2 ഗവർമ്മെണ്ട് സ്കൂളുകൾക്ക് ഫർണ്ണീച്ചർ നൽകൽ - അപാകതകൾ

പ്രൊജക്റ്റ് നമ്പർ - 35/16, ഗവർമ്മെണ്ട് സ്കൂളുകൾക്ക് ഫർണ്ണിച്ചർ നൽകൽ

ബിൽ നമ്പർ - 02/15-16,തീയതി 11.09.2015 – 399868/-

നിർവ്വഹണം - ഹെഡ്മാസ്റ്റർ

മേൽ പ്രൊജക്റ്റ് പ്രകാരം ഗ്രാമപഞ്ചായത്തിലെ 2 സർക്കാർ സ്കൂളുകൾക്ക് ഫർണ്ണീച്ചർ വാങ്ങി നൽകുന്നതിനായി 09.07.15ലെ മലയാള മനോരമ പത്രത്തിൽ പരസ്യം ചെയ്തത് പ്രകാരം ടെണ്ടർ സമർപ്പിക്കാനുള്ള തീയതി 21.07.15 ആയിരുന്നു. ഇതിനെ തുടർന്ന് 6 സ്ഥാപനങ്ങൾ ടെണ്ടർ സമർപ്പിക്കുകയും കുറഞ്ഞ തുക ക്വാട്ട് ചെയ്ത ഫ്രണ്ട്സ് എഞ്ചിനീയറിങ്ങ് വർക്ക് ഷോപ്പ്, അടിവാരം എന്ന സ്ഥാപനത്തിൽ നിന്നും 399868 രൂപ ചെലവഴിച്ച് (ഡി.ഡി നം. 618751/11.09.15) താഴെ പറയുന്ന സാധനങ്ങൾ വാങ്ങിയിട്ടുണ്ട്.

| ക്രമ നം. | ഇനം | എണ്ണം | വില | ആകെ |
|---|---|---|---|---|
| 1 | Desk, Bench | 40 | 3900 | 156000 |
| 2 | Writingpad Chair | 30 | 2400 | 72000 |
| 3 | Glass Almirah | 03 | 7500 | 22500 |
| 4 | Table (steel) | 08 | 2300 | 41400 |
| 5 | Fibre Armchair | 81 | 530 | 42430 |
| 6 | Wall Almirah | 02 | 7200 | 14400 |
| | | | | 349230 |
| Vat | | | | 50638 |
| ആകെ | | | | 399868 |

ഗ്രാമപഞ്ചായത്തിലെ 2 ഗവർമ്മെണ്ട് സ്കൂളുകളിൽ മുറംപാത്തി ജി.എൽ.പി.സ്കൂൾ ഹെഡ്മാസ്റ്ററുടെ കൈപ്പറ്റ് രശീതി പ്രകാരം നൽകിയ ഫർണ്ണിച്ചറുകളുടെ വിശദാംശം താഴെ കൊടുക്കുന്നു.

| | | |
|---|---|---|
| 1 | Desk, Bench | 06 |
| 2 | Table | 03 |
| 3 | Fibre Armchair | 15 |

പ്രൊജക്റ്റ് നിർവ്വഹണത്തിലെ അപാകതകൾ താഴെ കൊടുക്കുന്നു.

1. സ.ഉ( പി)259/10/ത.സ്വ.ഭ.വ/08-11-10 പ്രകാരം ഒരു ലക്ഷത്തിൽ കൂടുതൽ മതിപ്പുവിലയുള്ള വാങ്ങലുകൾക്ക് ഓപ്പൺ ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്. വ്യാപകമായ പ്രചാരമുള്ള ഒരു ഇംഗ്ലീഷ്, മലയാളം പത്രങ്ങളിൽ പരസ്യം ചെയ്യണം. ടെണ്ടർ സമർപ്പിക്കുന്നതിനായി 21 ദിവസം സമയം നൽകണം. സോഷ്യൽ ഓഡിറ്റ് കമ്മിറ്റി അംഗത്തിന്റെ സാന്നിദ്ധ്യം ടെണ്ടർ തുറക്കുന്ന സമയത്ത് ഉറപ്പാക്കേണ്ടതാണ്. എന്നാൽ ഒരു പത്രത്തിൽ മാത്രമേ പരസ്യം നൽകിയിട്ടുള്ളൂ. ടെണ്ടർ സമർപ്പിക്കുന്നതിനായി 11 ദിവസത്തെ സമയം മാത്രമാണ് നൽകിയത്. കൂടാതെ സോഷ്യൽ ഓഡിറ്റ് കമ്മിറ്റി അംഗത്തിന്റെ സാന്നിദ്ധ്യം ഉറപ്പുവരുത്തിയിട്ടുമില്ല.
2. മേൽ സ്ഥാപനത്തിൽ നിന്ന് വാങ്ങിയ സാധനങ്ങൾ മുഴുവൻ സ്റ്റോക്കിലെടുത്തതിന്റെ വിവരം ഹാജരാക്കിയിട്ടില്ല.
3. വാങ്ങിയ സാധനങ്ങൾ ഒരു ഗവർമ്മെണ്ട് സ്കൂളിന് മാത്രമേ വിതരണം ചെയ്തിട്ടുള്ളൂ. ബാക്കി സാധനങ്ങൾ വിതരണം ചെയ്തതിന്റെ രേഖകളില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ ചെലവുതുക 399868/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

## 3-3 പാലിയേറ്റീവ് കെയർ - പിൻവലിച്ച തുക മുഴുവൻ ചെലവഴിച്ചില്ല

പ്രൊജക്റ്റ് നമ്പർ - 60/16, പാലിയേറ്റീവ് കെയർ

ബിൽ നമ്പർ - 01/15-16 – 30,900, തീയതി 25.06.2015

നിർവ്വഹണം - മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)

മേൽ പ്രൊജക്റ്റ് പ്രകാരം പിൻവലിച്ച തുക പാലിയേറ്റീവ് കെയർ നഴ്സിന്റെ വേതനവും, ടെലിഫോൺ ചാർജ്ജ് ഇനത്തിലുമാണ് ചെലവഴിച്ചത്. പാലിയേറ്റീവ് കെയർ നഴ്സിന്റെ 03/15, 04/15, 05/15 എന്നീ മാസങ്ങളിലെ

വേതനമായ 30,000/- രൂപയും ടെലിഫോൺ ചാർജ്ജ് ഇനത്തിൽ നൽകിയതായി നിർവ്വഹണോദ്യോഗസ്ഥന്റെ ചെലവ് സംബന്ധിച്ച പത്രികയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വൗച്ചറുകൾ പരിശോധിച്ചതിൽ 03/15 മാസം 8,000/- രൂപ വേതനമായി കൈപ്പറ്റിയതായാണ് സ്റ്റാഫ് നഴ്സിന്റെ കൈപ്പറ്റ് രശീതിയിൽ രേഖപ്പെടുത്തിയിരിക്കുന്നത്. കൈപ്പറ്റു റശീതി പ്രകാരം നഴ്സ് കൈപ്പറ്റിയ തുക കഴിച്ച് ബാക്കി 2,000/- രൂപയുടെ ചെലവ് സംബന്ധിച്ച് വിശദീകരണം നൽകേണ്ടതാണ്.

## 3-4 പ്രായപരിധി കഴിഞ്ഞവർക്ക് തൊഴിൽരഹിത വേതനം നൽകി

1998ലെ കേരള തൊഴിൽരഹിത വേതന ചട്ടങ്ങളിലെ ചട്ടം 2 പ്രകാരം 18 നും 35നും മദ്ധ്യേ പ്രായമുള്ള തൊഴിൽരഹിതരായ യുവതീയുവാക്കൾക്കാണ് തൊഴിൽരഹിതവേതനത്തിന് അർഹതയുള്ളത്. എന്നാൽ കോടഞ്ചേരി ഗ്രാമപഞ്ചായത്തിൽ നിശ്ചിത പ്രായപരിധി കഴിഞ്ഞ താഴെ പറയുന്നവർക്ക് 2015-16 സാമ്പത്തിക വർഷത്തിൽ തൊഴിൽരഹിത വേതനം നൽകിയിട്ടുണ്ട്.

| പേര് | ജനന തീയതി | റോൾ നം. | തൊഴിൽ രഹിത വേതനത്തിന് അർഹതയുള്ള അവസാന മാസം | നിലവിൽ വേതനം നൽകിയ അവസാന മാസം | കൂടതൽ നൽകിയ തുക | വേതനം നൽകിയ തീയതി |
|---|---|---|---|---|---|---|
| റംലത്ത് കെ.കെ, കുന്നംകാട് വീട്, കോടഞ്ചേരി (പി.ഒ) | 06.03.81 | 409 | മാർച്ച് 2016 | ജൂലായ് 2016 | 480 (4X120) | 07.09.15 |
| ഷീജ എം.ബി, മുത്തപ്പൻ കാഞ്ഞിരത്തിങ്കൽ, കോടഞ്ചേരി (പി.ഒ) | 08.02.81 | 477 | ഫെബ്രുവരി 2016 | മാർച്ച് 2016 | 120 (1X120) | 06.09.15 |
| ആകെ | | | | | 600 | |

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 05/16.11.16) മറുപടി ലഭ്യമാക്കിയിട്ടില്ല. ചട്ടത്തിന് വിരുദ്ധമായി നൽകിയ തൊഴിൽരഹിത വേതനം ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക തിരികെ ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-5 ആശ്രയ പദ്ധതി - ഫണ്ട് ലഭ്യമായിട്ടും ക്ലേശഘടകങ്ങൾ പരിഹരിക്കപ്പെടുന്നില്ല.

ഗ്രാമ പഞ്ചായത്തിന്റെ 2008 വർഷം ആരംഭിച്ച അഗതി - ആശ്രയ ഒന്നാംഘട്ട പ്രൊജക്റ്റിൽ ആകെ 165 ഗുണഭോക്താക്കൾ ഉണ്ടായിരുന്നു. 2009 ലെ പുന:പരിശോധനാ റിപ്പോർട്ട് പ്രകാരം 193 ഉം 2013-16 ലെക്കുള്ള തുടർ സേവന പ്രൊജക്റ്റ് പ്രകാരം 44 അഗതി ഗുണഭോക്താക്കളുമാണ് ഉണ്ടായിരുന്നത്. ഇതിനു പുറമെ, 2010-13 കാലത്തേക്ക് 35 പട്ടിക വർഗ്ഗ അഗതി കുടുംബങ്ങളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള പ്രത്യക പ്രൊജക്റ്റും ഉണ്ട്. ജനറൽ, എസ്.സി,എസ്.ടി വിഭാഗം ഗുണഭോക്താക്കളെ ഉൾപ്പെടുത്തിക്കൊണ്ട് അഗതി - ആശ്രയ രണ്ടാം ഘട്ട പ്രൊജക്റ്റ് 6.8.14 ലെ 103/14 നമ്പർ തീരുമാനപ്രകാരം ഗ്രാമപഞ്ചായത്ത് ഭരണ സമിതി അംഗീകരിക്കുകയും 9.1.15 ലെ നം. 84/2015 പ്രകാരം ജില്ലാ കുടുംബശ്രീ മിഷൻ അംഗീകരിച്ചിട്ടുണ്ട്.

നിലവിൽ ഈ പ്രൊജക്റ്റ് പ്രകാരമാണ് ആനുകൂല്യം നല്കി വരുന്നത്. രണ്ടാം ഘട്ട പ്രൊജക്റ്റ് പ്രകാരം ആകെ 66 അഗതി ഗുണഭോക്താക്കളാണുള്ളത്. ഇതിൽ വീട് നിർമ്മാണം ക്ലേശഘടകമായുള്ള 16 ഗുണഭോക്താക്കളും വീട് റിപ്പയർ ആവശ്യമുള്ള 8 ഗുണഭോക്താക്കളുമാണുള്ളത്. 2015-16 വർഷം വീട് റിപ്പയറിങ്ങിന് 6 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നല്കിയെങ്കിലും (ആകെ ചെലവ് 100000/- രൂ.) വീട് നിർമ്മാണത്തിന് പുതിയ പ്രൊജക്റ്റിലെ ഒരു

ഗുണഭോക്താവിനും ആനുകൂല്യം നല്കിയിട്ടില്ല. മാത്രമല്ല, കക്കൂസ് ആവശ്യമുള്ള പാത്തുമ്മ പിലായിത്തൊടി (20ാം വാർഡ് ) എന്നയാളുടെ ക്ലേശഘടകവും പരിഹരിക്കപ്പെട്ടിട്ടില്ല.

2015-16 വർഷം ആശ്രയ പ്രൊജക്റ്റിൽ വീട് നിർമ്മാണം(രണ്ട്,മൂന്ന് ഗഡുക്കൾ) 250000/-, വീട് റിപ്പയർ -100000/-, ഭക്ഷണകിറ്റ് - 205688/- എന്നിങ്ങനെ ആകെ 555668/- രൂപയാണ് ആകെ ചെലവ്. തൻവർഷം 6,21,422/- രൂപ(ചലഞ്ച് ഫണ്ട് 499902/-+ ബാങ്ക് പലിശ 121520/-) വരവുൾപ്പെടെ ആകെ 37,91,934/- രൂ. ആശ്രയ അക്കൗണ്ടിൽ ഫണ്ട് ലഭ്യമായിട്ടും അഗതി ഗുണഭോക്താക്കളുടെ വീട് നിർമ്മാണം പോലുള്ള ക്ലേശഘടകങ്ങൾ പരിഹരിക്കപ്പെടാതിരിക്കുകയാണ്. കേരളം സമ്പൂർണ്ണ വെളിയിടവിസർജ്ജ്യ മുക്ത സംസ്ഥാനമായി പ്രഖ്യാപിക്കപ്പെട്ട 2016-17 വർഷവും കക്കൂസ് ആവശ്യമുള്ള മേൽചേർത്ത ഗുണഭോക്താവിന്റെ ക്ലേശഘടകം പരിഹരിക്കപ്പെടാത്തത് ആശ്രയ പ്രൊജക്റ്റ് നടത്തിപ്പിലെ പോരായ്മയാണ്.

അപാകത സംബന്ധിച്ച് നല്കിയ 6ാം നം. ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട അഗതി ഗുണഭോക്താക്കളുടെ ക്ലേശഘടകങ്ങൾ പരിഹരിച്ച് അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്കെത്തിക്കുന്നതിന് ആശ്രയ പ്രൊജക്റ്റ് നടത്തിപ്പ് കാര്യക്ഷമമായി നടപ്പാക്കേണ്ടതാണ്.

## **3-6** <u>ആശ്രയ പദ്ധതി - ബാങ്ക് അക്കൗണ്ടിലെ വിനിയോഗിക്കപ്പെടാത്ത പദ്ധതിപണം തിരിച്ചടച്ചില്ല.</u>

ഗ്രാമപഞ്ചായത്ത് ആശ്രയ പ്രൊജക്റ്റിനായുള്ള ബാങ്ക് അക്കൗണ്ട് പരിശോധിച്ചതിൽ (സൗത്ത് ഇൻഡ്യൻ ബാങ്ക് - അക്കൗണ്ട് നം. 053005300001171) 2015-16 വർഷം ആകെ 32,36,145.50 രൂപ നീക്കിയിരിപ്പുണ്ട്. ആശ്രയ പ്രൊജക്റ്റ് പ്രകാരമുള്ള ക്ലേശഘടകങ്ങൾ പരിഹരിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് വിവിധ വർഷങ്ങളിൽ സി.ഡി.എസിന് കൈമാറിയ പദ്ധതി പണവും ഇതിലുൾപ്പെടുന്നു. വിശദവിവരം -

| ഉദ്ദേശ്യം | തുക |
|---|---|
| എസ്.ടി.ഭവന നിർമ്മാണം (2009 - 10) | 878000/- |
| വീട് നിർമ്മാണം (ജനറൽ) (2014 - 15) | 150000/- |
| വീട് റിപ്പയർ (ജനറൽ) (2014 - 15) | 65000/- |
| 2008-09 ൽ കൈമാറിയ പ്ലാൻ ഫണ്ട് - ആശ്രയ (ജനറൽ) ( 2009 - 10) | 1000000/- |
| ആകെ | 2093000/- |

മുൻവർഷങ്ങളിൽ സി.ഡി.എസ് അക്കൗണ്ടിലേക്ക് കൈമാറിയ മേൽചേർത്ത പ്രകാരമുള്ള പദ്ധതിപണം വിനിയോഗിക്കാതെ അക്കൗണ്ടിൽ കിടക്കുകയാണ്. ജി.ഒ(പി) നം.177/2006ധനം തീയ്യതി 12.4.2006 പ്രകാരം ഭാവിയിൽ ചെലവു വരുമെന്ന നിഗമനത്തിൽ പദ്ധതിപണം മുൻകൂറായി പിൻവലിക്കാൻ പാടില്ലാത്തതും സഞ്ചിത നിധിയിൽ നിന്നോ പബ്ലിക്ക് അക്കൗണ്ടിൽ നിന്നോ അധികം പിൻവലിച്ച തുക, ആവശ്യത്തേക്കാൾ അധികം അനുവദിച്ച തുക ചലാൻവഴി 911 -Deduct – Recoveries of over payment എന്ന ശീർഷകത്തിൽ അതാത് ഹെഡ് ഓഫ് അക്കൗണ്ടിൽ തിരിച്ചടക്കേണ്ടതായിരുന്നെങ്കിലും (ഉത്തരവിലെ ഖണ്ഡിക 6.1, 10.1,10.3 എന്നിവ കാണുക)വർഷങ്ങൾ കഴിഞ്ഞിട്ടും ടി തുകകൾ തിരിച്ചടക്കുന്നതിന് നടപടി സ്വീകരിച്ചതായി കാണുന്നില്ല.

അപാകത സംബന്ധിച്ച് നല്കിയ 7ാം നം. ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതി പണം തിരിച്ചടച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-7 പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണിച്ചർ - വാങ്ങൽ നടപടിക്രമങ്ങൾ പാലിക്കപ്പെട്ടില്ല.

| | |
|---|---|
| പ്രൊജ. നം. | 163/16 – പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണിച്ചർ |
| ബിൽ നം./ ചെലവ് | 15/16 – 3,85,963/- |
| അടങ്കൽ | 5,50,000/-(എസ്. സി.പി) |
| നിർവ്വഹണം | ഹെഡ് മാസ്റ്റർ |

മേൽ പ്രൊജക്റ്റ് പ്രകാരം ഫർണിച്ചർ വാങ്ങുന്നതിന് 9.7.15 ൽ മലയാള മനോരമ ദിനപ്പത്രത്തിൽ പരസ്യം ചെയ്തു. പത്രപരസ്യപ്രകാരം ടെണ്ടർ സമർപ്പിക്കുന്നതിനുള്ള അവസാന തീയ്യതി 21.7.15 ആയിരുന്നു. ഇതുപ്രകാരം 4 സ്ഥാപനങ്ങൾ ടെണ്ടർ സമർപ്പിക്കുകയും കുറഞ്ഞ തുക ക്വാട്ട് ചെയ്ത FIDCO Enterprises, ഒളവണ്ണ എന്ന സ്ഥാപനത്തിന്റെ ടെണ്ടർ 5/16(2) പ്രകാരം പഞ്ചായത്ത് സമിതി അംഗീകരിച്ചു. സ്ഥാപനത്തിൽ നിന്നും 3,85,963 രൂ ചെലവഴിച്ച് 122 വീതം സ്റ്റീൽ മേശകളും കസേരകളും വാങ്ങി വിതരണം ചെയ്തു. (ഇൻവോയ്സ് നം. 224/10.3.16).

എന്നാൽ സ.ഉ.(പി) 259/16/10 തസ്വഭവ തീയ്യതി 8.11.10 പ്രകാരം 1 ലക്ഷത്തിന് മുകളിൽ മതിപ്പ് വിലയുള്ള വാങ്ങലുകൾക്ക് ഓപ്പൺ ടെണ്ടറിങ്ങ് നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതുപ്രകാരം വ്യാപകമായ പ്രചാരമുള്ള ഒരു ഇംഗ്ലീഷ് പത്രത്തിലും ഒരു മലയാള ദിനപ്പത്രത്തിലും പരസ്യം നൽകുകയും ടെണ്ടർ സമർപ്പിക്കുന്നതിന് 21 ദിവസത്തെ സമയം നല്കുകയും വേണം. കൂടാതെ സോഷ്യൽ ഓഡിറ്റ് കമ്മിറ്റി അംഗത്തിന്റെ സാന്നിധ്യം ഉറപ്പുവരുത്തുകയും വേണമെന്ന്നിർദ്ദേശിക്കുന്നു. എന്നാൽ ഒരു പത്രത്തിൽ മാത്രമെ പരസ്യം നല്കിയിട്ടുള്ളൂ. ടെണ്ടർ സമർപ്പിക്കുന്നതിന് 12 ദിവസത്തെ സമയം മാത്രമെ നല്കിയിട്ടുള്ളൂ. സോഷ്യൽ ഓഡിറ്റ് കമ്മിറ്റിയുടെ സാന്നിധ്യം ഉറപ്പുവരുത്തിയിട്ടില്ല.സർക്കാർ ഉത്തരവ് പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കാത്തത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവു തുക 3,85,963/- രൂപ തടസ്സത്തിൽ വെക്കുന്നു.

## 3-8 ഗ്രാമകേന്ദ്രം സ്ഥാപിക്കൽ - അപാകതകൾ

പ്രൊജക്റ്റ് നമ്പർ - 328/16, ഗ്രാമകേന്ദ്രം - അടിസ്ഥാനസൗകര്യം, വാടക

ബിൽ നമ്പർ - 51/15-16 തീയതി 20.03.2016 ,11,765/-,

58/15-16 തീയതി 30.03.2016 ,83,869/-,

നിർവ്വഹണം - സെക്രട്ടറി

സ ഉ (എം.എസ്)362/13/ത.സ്വ.ഭ.വ/16.11.13 ഖണ്ഡിക 11.6.3(iii)പ്രകാരം ഗ്രാമകേന്ദ്രത്തിന്റെ വാടക ഉൾപ്പടെയുള്ള അനുബന്ധ പ്രവർത്തനങ്ങൾക്കായി ഓരോ വാർഡിനും പ്രതിവർഷം പരമാവധി 50,000/- രൂപ ചെലവഴിക്കാവുന്നതാണ്. മേൽ പ്രൊജക്റ്റ് നിർവ്വഹണത്തിനായി പിൻവലിച്ച 11,765/- രൂപ ഗ്രാമപഞ്ചായത്തിലെ 21 വാർഡുകളിലെ ഗ്രാമകേന്ദ്രം ഉൽഘാടനത്തിന്റെ ചെലവിനും, 83,869/- രൂപ 21 ഗ്രാമകേന്ദ്രങ്ങളിലേക്ക് 21 സ്റ്റീൽ മേശകൾ സിഡ്കോയിൽ നിന്നും വാങ്ങുന്നതിനും ചെലവഴിച്ചു. പ്രൊജക്റ്റ് നിർവ്വഹണത്തിലെ അപാകതകൾ താഴെ കൊടുക്കുന്നു.

1. മേൽ സർക്കാർ ഉത്തരവ് പ്രകാരം വാടകയ്ക്കും അനുബന്ധ പ്രവർത്തനങ്ങൾക്കും തുക ചെലവഴിക്കാൻ അനുമതി ഉണ്ടെങ്കിലും ഗ്രാമകേന്ദ്രം ഉൽഘാടനത്തിന് 21 വാർഡുകളിലെ മെമ്പർമാർക്ക് ആകെ 11,765/- രൂപ നൽകിയത് ശരിയായ നടപടിയല്ല. വാടക ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനാണ് അനുമതി നൽകിയിരിക്കുന്നതെന്നിരിക്കെ ഉൽഘാടനത്തിന് തുക ചെലവഴിച്ചു.
2. സിഡ്കോയിൽ നിന്നും 21 സ്റ്റീൽ മേശകൾ വാങ്ങിയതിൽ വിതരണ രേഖ പ്രകാരം 10 എണ്ണം മാത്രമേ വിവധ വാർഡുകളിലേക്ക് നൽകിയിട്ടുള്ളൂ. ബാക്കി 11 മേശകൾ ഗ്രാമപഞ്ചായത്ത് കാര്യാലയത്തിൽ ആണ് ഉപയോഗിക്കുന്നത്. ഗ്രാമകേന്ദ്രത്തിന് വേണ്ടി വാങ്ങിയ മേശകൾ ആയതിന് വേണ്ടി ഉപയോഗിക്കാതെ മറ്റ് ആവശ്യങ്ങൾക്ക് വേണ്ടി ഉപയോഗിക്കാൻ പാടില്ലാത്തതാണ്.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഉദ്ഘാടനത്തിന് ചെലവഴിച്ച 11,765 രൂപ തടസ്സത്തിൽ വെക്കുന്നു. ഗ്രാമ കേന്ദ്രത്തിലേക്ക് വാങ്ങിയ മേശ വിതരണം പൂർത്തിയാക്കി അറിയിക്കേണ്ടതാണ്.

## 3-9 ഫർണിച്ചർ വാങ്ങൽ - അപാകതകൾ

| | |
|---|---|
| പ്രൊജ. നം. | 1. 45/16പഞ്ചായത്ത് ഹാളിലേക്ക് ഫർണിച്ചർ<br>2.46/16 പഞ്ചായചത്ത് ഓഫീസിലേക്ക് ഫർണിച്ചർ |
| ബിൽ നം./ ചെലവ് | 1. /26.1.16 – 77696/-<br>2. /26.1.16 - 125400/- |
| നിർവ്വഹണം | സെക്രട്ടറി |

മേൽ ചേർത്ത രണ്ട് പ്രൊജക്ടുകളും 2014-15 സാമ്പത്തിക വർഷത്തിൽ രൂപീകരിച്ച് നിർവ്വഹണ നടപടികൾ ആരംഭിക്കുകയും 2015-16 വർഷത്തിൽ സ്പിൽ ഓവർ പ്രൊജക്ടുകളായി തുടർന്നു വന്നതുമാണ്. ഇതിനായി 3.1.15 മലയാള മനോരമ ദിനപ്പത്രത്തിൽ പരസ്യം ചെയ്തു. പത്രപരസ്യപ്രകാരം ടെണ്ടർ സമർപ്പിക്കുന്നതിനുള്ള അവസാന തീയ്യതി 16.1.15 ആയിരുന്നു. ഇതുപ്രകാരം 5 സ്ഥാപനങ്ങൾ ടെണ്ടർ സമർപ്പിക്കുകയും കുറഞ്ഞ തുക ക്വാട്ട് ചെയ്ത FIDCO Enterprises, ഒളവണ്ണ എന്ന സ്ഥാപനത്തിന്റെ ടെണ്ടർ 31.1.15 ലെ പ്രൊക്യൂർമെന്റെ കമ്മിറ്റി ശുപാർശ പ്രകാരം പഞ്ചായത്ത് സമിതി അംഗീകരിച്ചു.

പ്രൊജക്റ്റ് നടത്തിപ്പിലെ അപാകതകൾ താഴെ ചേർക്കുന്നു.

1. ഗ്രാമ പഞ്ചായത്ത് സെക്രട്ടറി എ4/180/15 തീയ്യതി 6.2.15 പ്രകാരം സപ്ലൈ ഓർഡർ നല്കി. ഇതുപ്രകാരം 5 ദിവസത്തിനകം കരാർ വെക്കേണ്ടതും 15ദിവസത്തിനകം ഫർണിച്ചർ വിതരണം ചെയ്യേണ്ടതുമായിരുന്നു. സ്ഥാപനം കരാർ വെച്ചെങ്കിലും 15 ദിവസത്തിനകം സാധനങ്ങൾ വിതരണം ചെയ്യാതെ ഏതാണ്ട് ഒരു വർഷത്തിനു ശേഷം 4.1.16 നാണ് വിതരണം ചെയ്തത്. ഇത് സപ്ലൈ ഓർഡറിലെ വ്യവസ്ഥകൾക്ക് വിരുദ്ധമാണ്.സപ്ലൈ ഓർഡറിലെ വ്യവസ്ഥകൾ പ്രകാരം സാധനങ്ങൾ സമയ പരിധിക്കുള്ളിൽ വിതരണം ചെയ്യാത്തപക്ഷം കരാർ റദ്ദാക്കുന്നതും ഇ.എം.ഡി പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടി സാധനങ്ങൾ വാങ്ങുന്നതിന് മറ്റു നടപടികൾ സ്വീകരിക്കേണ്ടതുമായിരുന്നു. എന്നാൽ യാതൊരു നടപടിയും സ്വീകരിക്കാതെ ഒരു വർഷത്തോളം ഫർണിച്ചർ ലഭ്യമാക്കാൻ കാത്തിരിക്കുകയായിരുന്നു.

2. സ.ഉ.(പി)259/10തസ്വഭവ തീ. 8.11.10 പ്രകാരം 1 ലക്ഷത്തിന് മുകളിൽ മതിപ്പ് വിലയുള്ള വാങ്ങലുകൾക്ക് ഓപ്പൺ ടെണ്ടറിങ്ങ് നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതുപ്രകാരം വ്യാപകമായ പ്രചാരമുള്ള ഒരു ഇംഗ്ലീഷ് പത്രത്തിലും ഒരു മലയാള ദിനപ്പത്രത്തിലും പരസ്യം നൽകുകയും ടെണ്ടർ സമർപ്പിക്കുന്നതിന് 21 ദിവസത്തെ സമയം നല്കുകയും വേണം. കൂടാതെ സോഷ്യൽ ഓഡിറ്റ് കമ്മിറ്റി അംഗത്തിന്റെ സാന്നിധ്യം ഉറപ്പുവരുത്തുകയും വേണമെന്ന്നിർദ്ദേശിക്കുന്നു. എന്നാൽ ഒരു പത്രത്തിൽ മാത്രമെ പരസ്യം നല്കിയിട്ടുള്ളു. ടെണ്ടർ സമർപ്പിക്കുന്നതിന് 12 ദിവസത്തെ സമയം മാത്രമെ നല്കിയിട്ടുള്ളു. സോഷ്യൽ ഓഡിറ്റ് കമ്മിറ്റിയുടെ സാന്നിധ്യം ഉറപ്പുവരുത്തിയിട്ടില്ല.

സർക്കാർ ഉത്തരവ് പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കാത്തത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവു തുക 2,03,096 /-തടസ്സത്തിൽ വെക്കുന്നു.

## 3-10 സ്പോർട്സ് പ്രോത്സാഹനം - സർക്കാർ ഉത്തരവിലെ നിർദ്ദേശപ്രാകരമല്ല

| | |
|---|---|
| പ്രൊജ. നം. | 268/16 |
| ബിൽ നം./ ചെലവ് | 10/17.3.16 – 126390/- |
| അടങ്കൽ | 150000/- |
| നിർവ്വഹണം | ഹെഡ് മാസ്റ്റർ |

മേൽ പ്രൊജക്റ്റ് പ്രകാരം ചെലവഴിച്ച് തുകയുടെ വിശദാംശം താഴെ ചേർക്കുന്നു.

| ക്ര.നം. | ഇനം | തുക |
|---|---|---|
| 1 | ഫുട്ബാൾ വാങ്ങൽ | 11625 |

| | | |
|---|---|---|
| 2 | അത് ലറ്റിക് ക്യാമ്പ് -ഭക്ഷണം | 21585 |
| 3 | ഫുട്ബാൾ ക്യാമ്പ് - ഭക്ഷണം | 17475 |
| 4 | സ്പോർട്സ് സാധനങ്ങൾ | 8300 |
| 5 | പഞ്ചായത്ത് കായിക മേള | 12815 |
| 6 | വോളിബാൾ, ബാസ്കറ്റ് ബാൾ, ഹാൻഡ് ബോൾ | 14270 |
| 7 | ക്രിക്കറ്റ് പരിശീലന സാധനങ്ങൾ | 13900 |
| 8 | നീന്തൽ പരിശീലനം - ഭക്ഷണം | 23190 |
| 9 | നീന്തൽ പരിശീലനം - സാധനങ്ങൾ | 3200 |
| | ആകെ | 126390 |

പ്രൊജക്റ്റ് നിർവ്വഹണത്തിലെ അപാകതകൾ താഴെ ചേർക്കുന്നു.

1. സ.ഉ.(എം.എസ്) 362/13/തസ്വഭവ തീയ്യതി 16.11.13പ്രകാരം ഗ്രാമ പഞ്ചായചത്തിൽ സ്പോർട്സ് കൗൺസിൽ രൂപീകരിക്കേണ്ടതും കായിക ക്ഷമതയുള്ള കുട്ടികളെ ചെറുപ്പത്തിലേ കണ്ടെത്തി ദീർഘവീക്ഷണത്തോടെ സംസ്ഥാന/ജില്ലാ സ്പോർട്സ് കൗൺസിലുകളുടെ പങ്കാളിത്തത്തോടെയും ശാസ്ത്രീയപരിശീലന പരിപാടികൾ രൂപകല്പന ചെയ്ത് നടപ്പിലാക്കാവുന്നതാണ്. എന്നാൽ ,സംസ്ഥാന/ജില്ലാ സ്പോർട്സ് കൗൺസിലുകളുടെ പങ്കാളിത്തം ഉൾപ്പെടുത്തിയിട്ടില്ല. പഞ്ചായത്ത് നേരിട്ട് പരിശീലനപരിപാടികൾ ഏറ്റെടുത്ത് നടപ്പിലാക്കുകയായിരുന്നു.

2. പരിശീലനപരിപാടികളിലെല്ലാംതന്നെ പരിശീലനാർത്ഥികൾക്ക് ഭക്ഷണം നല്കിയിട്ടുണ്ട്. ഇതിനായി വളരെ ഉയർന്ന തുകയാണ് (63250/-രൂപ) വികസനഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുള്ളത്.

മേൽ അപാകതകൾക്ക് വിശദീകരണം നല്കേണ്ടതാണ്.

## 3-11 എസ്.റ്റി വിദ്യാർത്ഥികൾക്ക് പ്രഭാതഭക്ഷണം - അപാകതകൾ

പ്രൊജക്റ്റ് നമ്പർ - 12/16, എസ്.റ്റി വിദ്യാർത്ഥികൾക്ക് പ്രഭാതഭക്ഷണം

ബിൽ നമ്പർ - 08/15-16,തീയതി 20.02.16 – 200000/-

03/15-16,തീയതി 30.09.15 – 200000/-

നിർവ്വഹണം - ഹെഡ്മാസ്റ്റർ

മേൽ പ്രൊജക്റ്റ് പ്രകാരം 10% ൽ അധികം പട്ടികവർഗ്ഗ വിഭാഗത്തിൽ പെടുന്ന വിദ്യാർത്ഥികളുള്ള 4 സ്കൂളുകളിൽ പ്രഭാതഭക്ഷണം നൽകുന്നതിനായി ഹെഡ്മാസ്റ്റർമാർക്ക് തുക നൽകി. സ.ഉ നമ്പർ 362/13/തസ്വഭവ/16.11.13 ഖ 10(2) പ്രകാരം 10%മെങ്കിലും പട്ടികവർഗ്ഗക്കാരായ വിദ്യാർത്ഥികൾ പഠിക്കുന്ന സ്കൂളുകളിൽ പട്ടികവർഗ്ഗക്കാരായ വിദ്യാർത്ഥികൾക്ക് പാകം ചെയ്ത പ്രഭാതഭക്ഷണം കുടുംബശ്രീ മുഖേന നൽകാവുന്നതാണെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഇതു പ്രകാരം 4 സ്കൂളുകളിലെയും ഹെഡ്മാസ്റ്റർമാർ നേരിട്ട് ഭക്ഷണസാധനങ്ങൾ വാങ്ങി സ്കൂളുകളിൽ പ്രത്യേകം പാചകക്കാരെ നിയോഗിച്ച് ഭക്ഷണം തയ്യാറാക്കി വിദ്യാർത്ഥികൾക്ക് നൽകുകയാണ് ചെയ്തത്. പാചകക്കൂലിയിനത്തിൽ 70000/- രൂപയിലധികം ചെലവഴിച്ചിട്ടുണ്ട്. മേൽ ഉത്തരവിൽ നിർദ്ദേശിച്ചതു പോലെ കുടുംബശ്രീ മുഖേന വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിലെ രണ്ട് കുടുംബശ്രീ യൂണിറ്റുകളുടെ പ്രസിഡണ്ടുമാർ പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ട വിദ്യാർത്ഥികൾക്ക് ഭക്ഷണം തയ്യാറാക്കിക്കൊടുക്കാൻ സൗകര്യമുള്ള ആരും കുടുംബശ്രീയിൽ ഇല്ല എന്ന് അറിയിച്ച് ഹെഡ്മാസ്റ്റർക്ക് കത്ത് നൽകിയിട്ടുണ്ട്. ബാക്കിയുള്ള സ്കൂളുകളിലെ ഹെഡ്മാസ്റ്റർമാർ സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ചതു പോലെ കുടുംബശ്രീയുടെ സേവനം

ഉപയോഗപ്പെടുത്തിയിട്ടില്ല. മാത്രമല്ല മേൽ സർക്കാർ ഉത്തരവ് പ്രകാരം നിർദ്ദേശിച്ച പ്രവർത്തനം ഏയറ്റെടുക്കാൻ 2 കുടുംബശ്രീ ഗ്രൂപ്പുകൾ തയ്യാറായില്ല എന്നത് ഗൗരവമേറിയ വിഷയവുമാണ്. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 3-12 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രൊജക്റ്റ് നമ്പർ | ബിൽ നം /തീയതി | തുക | നൽകിയത് | ആവശ്യം |
|---|---|---|---|---|---|
| ഹെഡ്മാസ്റ്റർ | 11/16 | 4/15-16 | 5,00,000 | ജില്ലാ പ്രൊജക്റ്റ് ഓഫീസർ | എസ്.എസ്.എ വിഹിതം |
| സെക്രട്ടറി | 05/16 | 25/15-16 തീയതി 19.12.15 | 4,00,000 | സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത് | ഐ.എ.വൈ വിഹിതം |
| | 06/16 | 26/15-16 തീയതി 19.12.15 | 65,000 | | |
| | 04/16 | 24/15-16 തീയതി 19.12.15 | 8,00,000 | | |

മേൽ പ്രൊജക്റ്റുകൾ പ്രകാരം തുകകൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ടെങ്കിലും ചെലവഴിച്ചതു സംബന്ധിച്ച് വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഇനം തിരിച്ച് വിനിയോഗസാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ ചെലവു തുക 17,65,000 രൂപ തടസ്സത്തിൽ വെക്കുന്നു

## 3-13 കുടിവെള്ള പദ്ധതികളുടെ പൂർത്തീകരണം സമയബന്ധിതമായി നടപ്പാകുന്നില്ല

ഗ്രാമ പഞ്ചായത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുള്ള കുടിവെള്ള പദ്ധതികളുടെ പൂർത്തീകരണവും അറ്റകുറ്റപണിയും സമയബന്ധിതമായി പൂർത്തീകരിക്കപ്പെടുന്നില്ല. തൻവർഷം 6 കുടിവെള്ളപദ്ധതികൾക്ക് (സ്പിൽഓവർ) തുകവകയിരുത്തിയതിൽ 3 എണ്ണത്തിനു മാത്രമാണ് തുക ചെലവഴിച്ചിട്ടുള്ളത്. തുക ചെലവഴിക്കാത്തവയുടെ വിശദവിവരം താഴെ ചേർക്കുന്നു.

| പ്രൊജ. നം | പ്രൊജക്റ്റിന്റെ പേര് | അടങ്കൽ | ചെലവ് |
|---|---|---|---|
| 79/16(so) (പൊതുവിഭാഗം) | കാട്ടിപൊയിൽ കുടിവെള്ള പദ്ധതി (പൊതുവിഭാഗം) | 301272 (വി.ഫണ്ട്) 17758 (ധ.കമ്മീഷൻ) 47682(ഗു.വിഹിതം) 366712 | 0 |
| 83/16(so) പട്ടിക വർഗ്ഗം | ചെമ്പിലി കോലിക്കുന്ന് കുടിവെള്ള പദ്ധതി | 187500(ധ.കമ്മീഷൻ) | 0 |
| 87/16(so) | പാത്തിപാറ കുടിവെള്ള പദ്ധതി | 400000(വി.ഫണ്ട് -ടി.എസ്.പി) | |

| പട്ടിക വർഗ്ഗം | | | |
|---|---|---|---|

തൻവർഷം പട്ടികജാതി/ പട്ടിക വർഗ്ഗ മേഖലയിൽ നടപ്പാക്കിയ പ്രൊജക്റ്റുകൾ വളരെ കുറവാണ്. രണ്ട് വിഭാഗത്തിലും ഉല്പാദനമേഖലയിൽ ഒരു പ്രൊജക്റ്റു പോലും ആസൂത്രണം ചെയ്ത് നടപ്പാക്കിയിട്ടില്ല.പട്ടിക വർഗ്ഗ വിഭാഗത്തിൽ സേവന മേഖലയിൽ അംഗീകാരം ലഭിച്ച 13 എണ്ണത്തിൽ 7 എണ്ണം നടപ്പാക്കാത്തത് കാരണം 2534042/- രൂ വി.ഫണ്ട് (ടി.എസ്.പി) സഞ്ചിത നിധിയിലേക്ക് ട്രാൻസ്ഫർക്രഡിറ്റ് ചെയ്യുകയാണുണ്ടായത്. 2015-16 വർഷം വിനിയോഗിക്കാത്ത പദ്ധതി പണം 41,22030/- രൂ ലാപ്സായി. സേവന മേഖലയിൽമാത്രം ആകെ 48 പ്രൊജക്റ്റുകളാണ് തൻവർഷം നടപ്പാക്കാതിരുന്നത്. ഇതിൽ പ്രത്യേക പരിഗണന അർഹിക്കുന്ന പട്ടികവർഗ വിഭാഗത്തിനുള്ള കുടിവെള്ള പദ്ധതികളും ഉൾപ്പെടുന്നു. മേൽ പട്ടികയിലെ പ്രൊജ. നം 83/16 നം. കുടിവെള്ള പദ്ധതി സംബന്ധിച്ച് ഗ്രാമ പഞ്ചായത്തിലെ പട്ടികജാതി/പട്ടികവർഗ്ഗ വികസനം സംബന്ധിച്ച 2015-16 വർഷത്തെ പ്രവർത്തനക്ഷമതാ ഓഡിറ്റ് റിപ്പോർട്ടിൽ പ്രവർത്തനക്ഷമമല്ലാത്ത കുടിവെള്ള പദ്ധതിയായി പരാമർശിച്ചിട്ടുള്ളതാണ്. പ്രസ്തുത റിപ്പോർട്ടിൽ പ്രവർത്തനക്ഷമമല്ലാത്തതായി പരാമർശിച്ച വെണ്ടേക്കും പൊയിൽ കോളനി കുടിവെള്ളപദ്ധതി, കരിശിങ്കൽ എസ്.സി. കോളനി കുടിവെള്ള പദ്ധതി, നാഗൻ കുന്ന് എസ്. സി. കോളനി കുടിവെള്ള പദ്ധതി, എന്നീ പദ്ധതികൾ പ്രവർത്തനക്ഷമമാക്കുന്നതിന് തൻവർഷം തുകയൊന്നും വകയിരുത്തിയതായും കാണുന്നില്ല.

അപാകത സംബന്ധിച്ച് നല്കിയ 3ാം നം. ഓഡിറ്റ് എൻക്വയറിക്ക്മറുപടി ലഭ്യമാക്കിയിട്ടില്ല. കുടിവെള്ള പദ്ധതികളുടെ പൂർത്തീകരണം ഉറപ്പുവരുത്തേണ്ടതാണ്.

## 3-14 <u>കൺവീനർപ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് നല്കിയത് - പ്രവൃത്തി പൂർത്തിയാക്കിയില്ല.</u>

2015- 16 വർഷം താഴെ ചേർത്ത കൺവീനർ പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് നല്കി സൈറ്റ് കൈമാറ്റം നടന്നെങ്കിലും പ്രവർത്തന കലണ്ടർ പ്രകാരമുള്ള പൂർത്തീകരണ കാലയളവ് കഴിഞ്ഞ് നാളിതുവരെയായിട്ടും പ്രവൃത്തി പൂർത്തിയാക്കി ഫൈനൽ ബിൽ നല്കിയിട്ടില്ല.

| ക്രമ നം. | പ്രൊജ.നം., പ്രവൃത്തിയുടെ പേര് | കൺവീനർ/അടങ്കൽ തുക | കരാർ തീയ്യതി | പ്രൊജക്റ്റ് പ്രകാരം പൂർത്തീകരിക്കേണ്ടത് | മൊബിലൈസേഷൻ അഡ്വാൻസ് | അഭിപ്രായം |
|---|---|---|---|---|---|---|
| 1 | പെലക്കുടിപാടി വട്ടച്ചുവട് റോഡ്<br>പ്രൊജ. നം.112/16(so) | ബെന്നി മലേപറമ്പിൽ<br>30000/-(വി. ഫണ്ട്) | 1.10.15 | 12/2015 | 75000/-<br>ട്രഷറി ബിൽ നം.14/5.11.15 | 15.10.15 ന് സൈറ്റ് കൈമാറിയിട്ടുണ്ട്.കരാർ ഉടമ്പടി പ്രകാരം പ്രവർത്തനകലണ്ടറിൽ നിഷ്കർഷിച്ച സമയ പരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കിയില്ലെങ്കിൽ നടപടി സ്വീകരിക്കേണ്ടതാണെങ്കിലും നടപടി സ്വീകരിച്ചിട്ടില്ല. |
| 2 | പൂക്കോട്ടിപാടി പനച്ചിക്കൽ താഴ റോഡ്<br>പ്രൊജ. നം. 266/16(so) | കെ.സി.പൗലോസ്<br>280000/-<br>(വി.ഫണ്ട്) | 15.10.15 | 12/15 | 70000/-<br>ട്രഷറി ബിൽ നം.93/29.2.16 | 15.10.15 ന് സൈറ്റ് കൈമാറ്റം നടന്നു. പ്രവൃത്തിക്കാവശ്യമായ 56375/- രൂപയുള്ള 10 ബാരൽ ടാർ കൈപ്പറ്റിയതായി കൺവീനറുടെ തീയ്യതി ചേർക്കാത്ത കൈപ്പറ്റ് രശീതിയും കണ്ടു.കരാർ ഉടമ്പടി പ്രകാരം പ്രവർത്തനകലണ്ടറിൽ നിഷ്കർഷിച്ച സമയ പരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കിയില്ലെങ്കിൽ നടപടി സ്വീകരിക്കേണ്ടതാണെങ്കിലും നടപടി സ്വീകരിച്ചിട്ടില്ല. |

| | | | | | | |
|---|---|---|---|---|---|---|
| 3 | മീമുട്ടി അങ്കണവാടി കെട്ടിട നിർമ്മാണം<br>പ്രൊജ. നം. 275/16 | ജോയി കാലായിൽ<br>490000/-(തന.ഫണ്ട്) | 27.11.15 | 12/15 | 100000/-<br>വൗച്ചർ നം. 131/27.7.16 | 27.11.15 ന് സൈറ്റ് കൈമാറിയിട്ടുണ്ട്.കരാർ ഉടമ്പടി പ്രകാരം പ്രവർത്തനകലണ്ടറിൽ നിഷ്കർഷിച്ച സമയ പരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കിയില്ലെങ്കിൽ നടപടി സ്വീകരിക്കേണ്ടതാണെങ്കിലും നടപടി സ്വീകരിച്ചിട്ടില്ല. |
| 4 | ഈരോട് അങ്കണവാടി കെട്ടിടനിർമ്മാണം<br>പ്രൊജ. നം. 295/16 | പ്രഭീഷ്. വി.പി<br>490000/-<br>(തന.ഫണ്ട്) | 15.10.15 | 12/15 | 100000/-<br>വൗച്ചർ നം. 232/27.2.16 | 15.10.15 ന് സൈറ്റ് കൈമാറിയിട്ടുണ്ട്.കരാർ ഉടമ്പടി പ്രകാരം പ്രവർത്തനകലണ്ടറിൽ നിഷ്കർഷിച്ച സമയ പരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കിയില്ലെങ്കിൽ നടപടി സ്വീകരിക്കേണ്ടതാണെങ്കിലും നടപടി സ്വീകരിച്ചിട്ടില്ല. |
| 5 | കുരങ്ങൻ പാറ അങ്കണവാടി കെട്ടിട നിർമ്മാണം<br>പ്രൊജ. നം. 296/16 | മധു.വി.എം<br>490000/-<br>(തന.ഫണ്ട്) | 15.10.15 | 12/15 | 100000/-<br>വൗച്ചർ നം.255/19.3.16 | 17.2.16 ന് സൈറ്റ് കൈമാറിയിട്ടുണ്ട്.കരാർ ഉടമ്പടി പ്രകാരം പ്രവർത്തനകലണ്ടറിൽ നിഷ്കർഷിച്ച സമയ പരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കിയില്ലെങ്കിൽ നടപടി സ്വീകരിക്കേണ്ടതാണെങ്കിലും നടപടി സ്വീകരിച്ചിട്ടില്ല. |
| ആകെ | | | | | 445000/- | |

മേൽ ചേർത്ത പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് നല്കിയ ഇനത്തിലുള്ള 445000/- രൂപയും ക്രമനം. 2 പ്രകാരം കൺവീനർക്ക് കൈമാറിയ 10 ബാരൽ ടാറിന്റെ വില 56375/-യും അടക്കം ആകെ 5,011375/- നിലവിൽ ചെലവ് ചെയ്തിട്ടുണ്ട്. അപാകത സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കുകയുണ്ടായി. ക്രമ നം. 1 റോഡ് പ്രവൃത്തിയുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിലുള്ള കേസ് തീർപ്പാകുന്ന മുറയ്ക്കും ക്രമനം. 3,4,5 അങ്കണവാടി കെട്ടിട നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുകയാണെന്നും ക്രമ. നം. 2 റോഡ് പ്രവൃത്തി പൂർത്തീകരിച്ച് ഫൈനൽ ബിൽ തയ്യാറാക്കിയതാണെന്നും അറിയിച്ചു.പ്രവൃത്തികൾ എത്രയും പെട്ടെന്ന് പൂർത്തീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. ചെലവു തുക 5,011375/- രൂ. തടസ്സത്തിൽ വെക്കുന്നു.

## 3-15 ഡെപ്പോസിറ്റ് വർക്ക് - കേരള വാട്ടർ അതോറിറ്റി പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വ്യക്തമായ വിവരം ലഭ്യമല്ല.

| | |
|---|---|
| പ്രൊജ. നം. | 326/16 |
| ബിൽ നം./ ചെലവ് | 35/16.2.16 - 135000/- |
| അടങ്കൽ | 157500/- |
| നിർവ്വഹണം | സെക്രട്ടറി |

ഗ്രാമ പഞ്ചായത്തിലെ വട്ടച്ചിറ പട്ടികവർഗ്ഗ കോളനിയിലെ കുടിവെള്ളപദ്ധതിയുടെ പുനരുദ്ധാരണത്തിന് ഡെപ്പോസിറ്റ് പ്രവൃത്തിയായി ചെയ്യുന്നതിന് ഗ്രാമ പഞ്ചായത്ത് തീരുമാനിച്ചു.(6.8.14 ലെ തീരുമാനം നം. 105/04). ഇതു പ്രകാരം കേരള വാട്ടർ അതോറിറ്റി അസി.എഞ്ചിനീയരുടെ 157500/- രൂപയുടെ റഫ് കോസ്റ്റ് എസ്റ്റിമേറ്റിന്റെയും KWA/EE/No. D1 143/16 തീയ്യതി 15.1.16കത്തിന്റെയും അടിസ്ഥാനത്തിൽ 157500/- രൂ. കെ.ഡബ്ല്യു.എ അസി. എഞ്ചിനീയരുടെ പേരിൽ നല്കി. കെ.ഡബ്ല്യു.എ അസി.എഞ്ചിനീയരുടെ 18.8.16 ലെ D2/2223/13 നം. കത്ത് പ്രകാരം പ്രവൃത്തി പൂർത്തിയാക്കിയതായും പദ്ധതി പഞ്ചായത്തിനെ ഏൽപിക്കുന്നതായും അറിയിച്ചു. ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1. പ്രവൃത്തിക്കുവേണ്ടി കെ.ഡബ്ല്യൂ.എ യുടെ റഫ് കോസ്റ്റ് എസ്റ്റിമേറ്റ് പ്രകാരമാണ് തുക നല്കിയത്. പ്രവൃത്തി പൂർത്തികരിച്ചതായി കെ.ഡബ്ല്യൂ.എ അറിയിച്ചതല്ലാതെ പൂർത്തീകരണ സാക്ഷ്യപത്രമോ വിശദമായ എസ്റ്റിമേറ്റോ ആകെ ചെലവു വിവരമോ ലഭ്യമാക്കിയിട്ടില്ല.

2. പ്രവൃത്തിക്കുവേണ്ടി കെ.ഡബ്ല്യൂ.എ ക്ക് 157500/- രൂ. നല്കിയെങ്കിലും സ്ഥാപനവുമായി ഏർപ്പെട്ട കരാറിന്റെ ഒറിജിനൽ ഫയലിൽ ഇല്ല.കെ.ഡബ്ല്യൂ.എ യുടെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ ഒപ്പിടാത്തതും തീയ്യതി,പൂർത്തീകരണ സമയം, കരാർ തീയ്യതി , മററ് വിശദാംശങ്ങൾ എന്നിവയൊന്നും കത്തിൽ രേഖപ്പെടുത്തിയിട്ടില്ല.കരാറിലെ 8ാം ഖണ്ഡികയിലെ വ്യവസ്ഥ പ്രകാരം ഫൈനൽ ബിൽ തുക, പഞ്ചായത്ത് നല്കിയ തുകയിലും കുറവാണെങ്കിൽ ബാക്കി വന്ന തുക തിരിച്ചുനല്കാവുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.(തീയ്യതി ഇല്ല)ഫൈനൽ ബിൽ തുക നല്കാത്തതിനാൽ ഇത് സംബന്ധിച്ച് വ്യക്തമായ വിവരം ലഭ്യമല്ല.ഫൈനൽ ബില്ലിന്റെ അഭാവത്തിൽ ചെലവു തുക 1,57,500 തടസ്സത്തിൽ വെക്കുന്നു.

## 3-16 <u>കളരിക്കൽപടി - അടപ്പുപ്പടി റോഡ് - ഐ.ആർ.സി സ്പെസിഫിക്കേഷനു വിരുദ്ധമായ പ്രവൃത്തിക്ക് തുക ചെലവഴിച്ചു.</u>

| | |
|---|---|
| പ്രൊജ. നം. | 247/16 |
| അടങ്കൽ | 200000/- (ലോക ബാങ്ക് സഹായം) |
| ചെലവ് | 198469/- (ട്രഷറി ബിൽ നം. 86/22.1.16) |
| കൺവീനർ | ശ്രീ ജോമോൻ വർഗ്ഗീസ് |
| എം. ബുക്ക് | 42/15-16 |

എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം റോഡിന്റെ ചെയിനേജ് 0/000മുതൽ 0/060 വരെയുള്ള ഭാഗം സിമന്റ് കോൺക്രീറ്റ് ചെയ്യുന്നതിനാണ് പ്രൊജക്ട്. 1:4:8 അനുപാതത്തിൽ 40mm ഗ്രേഡഡ് മെറ്റൽ ഉപയോഗിച്ച് കോൺക്രീറ്റ് ലെവലിങ്ങും 0/000 മുതൽ 0/025വരെ നിലവിൽ കരിങ്കല്ല് പാകിയ ഭാഗം കഴിച്ച് 0/060 വരെ 1:2:4അനുപാതത്തിൽ20mm മെറ്റൽ ഉപയോഗിച്ച് സിമന്റ് കോൺക്രീറ്റും ചെയ്യുന്നതിനാണ് പദ്ധതി ലക്ഷ്യമാക്കിയത്. എന്നാൽ എം.ബുക്ക് പ്രകാരം, 40mm മെററൽ ഉപയോഗിച്ച്1:4:8 അനുപാതത്തിലും 20mm മെറ്റൽ 1:2:4 അനുപാതത്തിലും 61 മീറ്റർ റോഡ് കോൺക്രീറ്റ് ചെയ്തതിനാണ് തുക ചെലവഴിച്ചത്. പ്രവൃത്തിയുടെ വിശദ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| ഉപരിതലം ചെത്തിവൃത്തിയാക്കൽ | 105m2 x 15.15/m2 = 1590.90 |
| 40mm മെറ്റൽ ഉപയോഗിച്ച് 1:4:8 അനുപാതത്തിൽ ലെവലിങ്ങ്(ചെയിനേജ് 0/000 മുതൽ 0/025 – 1.04m3 )<br>( ചെയിനേജ് 0/025 മുതൽ 0/061 – 10.80m3) | 11.84m3 x 5165.12/m3 = 61155.02 |
| 20mm മെറ്റൽ ഉപയോഗിച്ച് 1:2:4 അനുപാതത്തിൽ സിമന്റ് കോൺക്രീറ്റ് (ചെയിനേജ് 0/000 മുതൽ 0/061 – 18.30m3) | 18.30m3 x 6916.05/m3 = 126563.71 (124489/- ൽ പരിമിതപ്പെടുത്തി) |
| നികുതികൾ | 11234/- |
| ആകെ ചെലവ് | 198469/-<br>(1590.90 + 61155.02 + 124489 +11234) |

കരിങ്കല്ല് പാകിയതിന് (Dry rubble packing) മുകളിൽ സിമന്റ് കോൺക്രീറ്റ് ചെയ്യുന്നത് ഐ.ആർ.സി സ്പെസിഫിക്കേഷന് വിരുദ്ധമാണ്. കല്ല് പാകിയത് പ്രകാരം ഉപരിതലം ബലപ്പെടുത്തിയിട്ടുള്ളതിനാൽ അധികമായി കോൺക്രീറ്റ് ആവശ്യമില്ലാത്തതാണ്. കല്ലിനിടയിലെ വോയിഡ്സ് ഫലപ്രദമായി പാക്ക് ചെയ്യുന്നത് പ്രയാസമായതിനാൽ വാഹനങ്ങൾ കയറുമ്പോൾ പാക്കിങ്ങ് ഇളകാനും തന്മൂലം മുകളിലെ കോൺക്രീറ്റ്

പൊട്ടിപ്പോകാനും സാധ്യത കൂടുതലാണ്. തദ്ദേശ ഭരണ വകുപ്പ് ചീഫ് എഞ്ചിനീയരുടെ 16.10.2012 ലെ ഡി.ബി.4/7463/2012സി.ഇ/തസ്വഭവ കത്തിൽ കരിങ്കല്ല് പാകിയതിന് (Dry rubble packing) മുകളിൽ സിമന്റ് കോൺക്രീറ്റ് ചെയ്യുന്നത് ഐ.ആർ.സി സ്പെസിഫിക്കേഷന് വിരുദ്ധമാണെന്നും അത്തരം പ്രവൃത്തികൾ ഒഴിവാക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ആയതിന് വിരുദ്ധമായി ചെലവഴിച്ച തുക താഴെചേർത്ത പ്രകാരമാണ്.

| | |
|---|---|
| 40mm മെറ്റൽ ഉപയോഗിച്ച് 1:4:8 അനുപാതത്തിൽ ലെവലിങ്ങ്(ചെയിനേജ് 0/000 മുതൽ 0/025 = 1.04m3 ) | 1.04m3 x 5165.12/m3 = 5371.72 |
| 20mm മെറ്റൽ ഉപയോഗിച്ച് 1:2:4 അനുപാതത്തിൽ സിമന്റ് കോൺക്രീറ്റ് (ചെയിനേജ് 0/000 മുതൽ 0/025 – 25 x 3 x 0.10 = 7.5m3) | 7.50m3 x 6802.67 = 51020.02 |
| ആകെ | 56392/- |
| വാറ്റ് 5%- 2820 + നിർമ്മാണ തൊഴിലാളി ക്ഷേമനിധി 1% - 563 അടക്കം ആകെ ചെലവ് | 59775/- |

മേൽചേർത്ത പ്രകാരം ഐ.ആർ.സി സ്പെസിഫിക്കേഷൻ പ്രകാരമല്ലാത്ത പ്രവൃത്തിക്ക് തുക ചെലവഴിച്ചത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ വർഷങ്ങൾക്ക് മുമ്പ് പാകിയ കരിങ്കല്ല് നന്നായി ഉറച്ചിട്ടുള്ളതിനാലും പ്രദേശവാസികളുടെ ആവശ്യം കണക്കിലെടുത്തുമാണ് 61 മീറ്ററും കോൺക്രീറ്റ് ചെയ്തതെന്ന് വിശദീകരിച്ചിട്ടുണ്ട്. മറുപടിയിൽ വ്യക്തമാക്കിയ പ്രകാരം കരിങ്കല്ല് പാകി ഉറച്ച പ്രതലത്തിൽ വീണ്ടും കോൺക്രീറ്റ് ആവശ്യമില്ലാത്തതാണ്. എന്നാൽ മേൽചേർത്തതിൽ ലെവലിങ്ങിനായി1:4:8 അനുപാതത്തിൽ കോൺക്രീറ്റ് ചെയ്തതിനുള്ള ചെലവ് കഴിച്ച് ബാക്കി ചെലവു തുക 54081/- (51020/- +5% വാറ്റ് 2551/- + 1% നിർമ്മാണ തൊഴിലാളി ക്ഷേമനിധി – 510/- രൂ.) വിശദമായ മറുപടി ലഭ്യമാക്കുന്നതിനായി തടസ്സത്തിൽ വെക്കുന്നു.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| - ഇല്ല - | | | | | |

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | വട്ടച്ചിറ കോളനി കുടിവെള്ള പദ്ധതി | 21501017 | 135000 | -- | 135000 |
| | | 21500990 | 22500 | -- | 22500 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്കുള്ള മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയതിൽ വർഷാവസാനത്തിൽ പ്രവൃത്തി പൂർത്തിയാക്കി ഫൈനൽബില്ല് നൽകാത്തതിന്റെ വിവരം ഈ റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ 3-14 ആയി ചേർത്തിട്ടുണ്ട്.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിന് വായ്പയിനത്തിൽ വരവൊന്നുമില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്നതിന്റെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവനപദ്ധതി | സ.ഉ (സാധാ) നം. 322/2010 /ത.സ്വ.ഭ.വ /29.01.2010 | 17410000 | 4413533 | 1329518 | -- | 3084015 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 4,45,959 |
| തൻവർഷം നിക്ഷേപിച്ച തുക | 50,770 |
| ആകെ | 4,96,729 |
| തന്നാണ്ടിൽ പിൻവലിച്ച തുക | -- |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 4,96,729 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| എഫ്.ഡി. നം. 100151807520042 / 04.01.16 | 2,44,835 |

| | |
|---|---|
| ജില്ലാ സഹകരണ ബാങ്ക്, താമരശ്ശേരി | |
| എഫ്.ഡി. നം. 100151807520043 / 04.01.16 ജില്ലാ സഹകരണ ബാങ്ക്, താമരശ്ശേരി | 43,264 |
| എഫ്.ഡി. നം. 100501807520003 / 05.01.16 ജില്ലാ സഹകരണ ബാങ്ക്, കോടഞ്ചേരി | 2,08,630 |
| ആകെ | 4,96,729 |

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷം വരവൊന്നുമില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | വിഷയം |
|---|---|---|---|
| 1997-98 | 2003-2004 | പൊതുപരാമർശം ഖ.നം.3.11.13.7 | നികുതിപിരിവിൽ അലംഭാവം-വൻതുക കാലഹരണപ്പെട്ടു. |
| 1999-2000 | 2003-2004 | പൊതുപരാമർശം. ഖ.നം.3.11.13.5 | മൈത്രിഭവനപദ്ധതി- വീട് നിർമ്മിച്ചതിന് രേഖകളില്ല. |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

### (എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 61711862 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 84605074 |
| വരവിനങ്ങളിലുള്ള നഷ്ടം | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 600 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 7988642 |

### (ബി) പഞ്ചായത്ത്ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-4 | -- | 600 | ശ്രീ പി.ടി ഉദയൻ,സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക | തുക | ഉത്തരവാദിയായ ആളുടെ |
|---|---|---|

| നമ്പർ | | പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 399868 | ശ്രീ ടി.ടി ജോൺസൺ, ഹെഡ് മാസ്റ്റർ |
| 3-7 | 385963 | ശ്രീ ടി.ടി ജോൺസൺ, ഹെഡ് മാസ്റ്റർ |
| 3-8 | 11765 | ശ്രീ പി.കെ അബ്ദുൾ ലത്തീഫ്,സെക്രട്ടറി |
| 3-9 | 203096 | ശ്രീ പി.ടി ഉദയൻ,സെക്രട്ടറി |
| 3-12 | 1765000 | 1265000/- ശ്രീ പി.ടി ഉദയൻ, സെക്രട്ടറി<br>500000/- ശ്രീ ടി.ടി ജോൺസൺ, ഹെഡ് മാസ്റ്റർ |
| 3-14 | 5011375 | ശ്രീ പി. പ്രദീപ് കുമാർ, അസി.എഞ്ചിനീയർ |
| 3-15 | 157500 | ശ്രീ പി.കെ അബ്ദുൾ ലത്തീഫ്,സെക്രട്ടറി |
| 3-16 | 54081 | ശ്രീ പി. പ്രദീപ് കുമാർ, അസി.എഞ്ചിനീയർ |
| ആകെ | 7988642 | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഇ) <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ പി.ടി ഉദയൻ, സെക്രട്ടറി | സെക്രട്ടറി | കാവ്യ, മായനാട് പി.ഒ, കോഴിക്കോട് – 673008 |
| ശ്രീ പി.കെ അബ്ദുൾ ലത്തീഫ്, സെക്രട്ടറി | സെക്രട്ടറി, കോടഞ്ചേരി ഗ്രാമപഞ്ചായത്ത് | ബുഷ്റ ഹൗസ്, ടെമ്പിൾ ഗേറ്റ്, തലശ്ശേരി 670102 |
| ശ്രീ ടി.ടി ജോൺസൺ, ഹെഡ് മാസ്റ്റർ | വിരമിച്ചു | തുണ്ടത്തിൽ വീട്, പുല്ലൂരാംപാറ പി.ഒ |
| ശ്രീ പി. പ്രദീപ് കുമാർ, അസി.എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി, കോടഞ്ചേരി ഗ്രാമപഞ്ചായത്ത് | കിഴക്കേടത്ത് വീട് , കൊടുവള്ളി |

## 4-9 <u>തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ</u>

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | എൽ.എഫ്.കെ.കെ.ഡി.പി3/256/2011(2)/4.09.11 | 1 |
| 1998-99 | എൽ.എഫ്.കെ.കെ.ഡി.പി3/256/2011(3)/4.09.11 | 2 |
| 2001-02 | എൽ.എഫ്.കെ.കെ.ഡി.പി3/256/2011(5)/4.09.11 | 8 |
| 2002-03 | എൽ.എഫ്.കെ.കെ.ഡി.പി3/256/2011(6)/4.09.11 | 3 |

| | | |
|---|---|---|
| 2003-04 | എൽ.എഫ്.കെ.കെ.ഡി.പി3/256/2011(7)/4.09.11 | 1 |
| 2004-05 | എൽ.എഫ്.കെ.കെ.ഡി.പി3/256/2011(8)/4.09.11 | 1 |
| 2006-07 | എൽ.എഫ്.കെ.കെ.ഡി.പി3/256/2011(10)/4.09.11 | 30 |
| 2007-08 | എൽ.എഫ്.കെ.കെ.ഡി.പി3/633/12/27.06.12 | 23 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി.പി3/332/12/5.07.13 | 19 |
| 2009-10 | എൽ.എഫ്.കെ.കെ.ഡി.പി1/818/12(1)/30.10.13 | 12 |
| 2010-11 | എൽ.എഫ്.കെ.കെ.ഡി.പി3/819/13/21.08.13 | 15 |
| 2011-12, 2012-13 | എൽ.എഫ്.കെ.കെ.ഡി.പി1/1464/14/09.10.14 | 11 |
| 2013-14, 2014-15 | എൽ.എഫ്.കെ.കെ.ഡി.പി13/247/16/07.05.2016 | |

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം - 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.കെ.കെ.ഡി.പി.13/2139/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ല ഓഡിറ്റ് കാര്യാലയം
സിവിൽ സ്റ്റേഷൻ, കോഴിക്കോട്
ഫോൺ - 0495-2371012
തീയ്യതി. 02.12.2016

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ, വകുപ്പ്.215 ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ

ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കോഴിക്കോട് ജില്ലയിലെ കോടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രയത്തിൽ കോടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക, വരവ് - ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ല ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

KSA.KKD-P3/2139/2016

Kerala State Audit Department
District Audit Office, Kozhikode
Phone: 0495-2371012
E-mail:dokkd.ksad@kerala.gov.in
Date: 02.12.2016

## Audit Certificate

Certified that I have audited the Annual Financial Statement of Kodancheri Grama Panchayat in Kozhikode District for the year ended on 31.03.2016 in accordance with section '4' of the Kerala Local Fund Audit Act 1994; Section 215 of the Kerala Panchayat Raj Act 1994; the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Kodancheri Grama Panchayat for the year 2015-16 except the observations in My audit report properly presents the picture of income and expenditure .

DEPUTY DIRECTOR

Kerala State Audit Department, District Audit Office, Kozhikode.